**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാലവർഷക്കെടുതി - ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.**1391/2024/LSGD** തീയതി,തിരുവനന്തപുരം, **30-07-2024**

---

**<u>ഉത്തരവ്</u>**

സംസ്ഥാനത്തു് മഴ ശക്തിപ്രാപിച്ചുവരുന്ന പശ്ചാത്തലത്തിലും വയനാട് ജില്ലയിൽ ഉരുൾപൊട്ടൽ സംഭവിച്ച സാഹചര്യത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ/നടപടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി നിർവഹിക്കേണ്ടതുണ്ട്.

റിലീഫ് ക്യാമ്പുകൾകാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കി നൽകുന്നതിനും ദുരന്തബാധിതരുടെ പുനരധിവാസം, കുടിവെള്ളം ലഭ്യമാക്കൽ, ദുരന്തനിവാരണവുമായി ബന്ധപ്പെട്ടു എമർജൻസി റെസ്പോൺസ് ടീമിനെ സജ്ജമാക്കൽ തുടങ്ങി സാഹചര്യങ്ങൾക്കനുസരിച്ചു ഓറഞ്ച് ബുക്കിൽ നിർദ്ദേശിച്ച മറ്റു പ്രവർത്തനങ്ങളും ജില്ലാ ദുരന്തനിവാരണ അതോറിറ്റി നിർദ്ദേശിക്കുന്ന പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിക്കൊണ്ടും തനത് ഫണ്ടിൽ നിന്ന് ആവശ്യമായ തുക വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്ന് വരുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പൂർണ്ണമായ പങ്കാളിത്തവും സഹകരണവും ലഭ്യമാക്കുവാൻ തദ്ദേശ സ്വയംഭരണ മേധാവികളും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ജില്ലയിലെ ഉദ്യോഗസ്ഥരെ ദുരന്തനിവാരണപ്രവർത്തനങ്ങൾക്കു സഹായകരമാകുന്ന വിധത്തിൽ ജോയിന്റ് ഡയറക്ടർക്ക്

വിന്യസിക്കാവുന്നതാണ് .

- പ്രവർത്തനങ്ങൾ നടത്തുന്നതിൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ തുടങ്ങിയ നടപടി ക്രമങ്ങൾ തടസ്സമാകുന്നില്ല എന്ന് ചീഫ് എഞ്ചിനീയർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചെയർപേഴ്സണ്, എല്ലാ ഡിഡിഎംഎ (എല്ലാ ജില്ലാ കളക്ടർമാർക്കും)

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ജില്ലാ ജോയിന്റ് ഡയറക്ടർമാർ

ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (പകർപ്പ് വകുപ്പ് തലവൻമാർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ-ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ പി എ -ക്കു